## പ്രധാനവാർത്തകൾ

1. എഴുപത്തിയാറാം റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ച് രാഷ്ട്രം. സൈനിക ശക്തിയും സാംസ്കാരിക പൈതൃകവും വിളിച്ചോതി കർത്തവ്യപഥിൽ പരേഡ് നടന്നു.

2. സംസ്ഥാനത്തും വിപുലമായ റിപ്പബ്ലിക് ദിനാഘോഷ പരിപാടികൾ, വികസിത കേരളം ഇല്ലാതെ ഒരു വികസിത ഇന്ത്യ സാധ്യമല്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ.

3. ജനവാസ മേഖലകളിൽ വന്യ ജീവികളുടെ സഞ്ചാരപാത നിരീക്ഷിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

4. പ്രശസ്ത ഹൃദ്രോഗ വിദഗ്ധൻ ഡോ. കെ. എം. ചെറിയാൻറെ വിയോഗത്തിൽ അനുശോചിച്ച് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

5. അണ്ടർ 19 വനിതാ ടി 20 ലോകകപ്പിൽ ഇന്ത്യ സെമിഫൈനലിൽ, ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മുഹമ്മദൻ എസ് സി, മുംബൈ സിറ്റി പോരാട്ടം.

***************************************

## റിപ്പബ്ലിക് ദിനം- ഇന്ത്യ

എഴുപത്തിയാറാം റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ച് രാഷ്ട്രം. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്ന ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ദേശീയ പതാക ഉയർത്തി. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ മുഖ്യാതിഥിയായി. പ്രധാനമന്ത്രി നരേന്ദ്ര മോദി, ദേശീയ യുദ്ധ സ്മാരകത്തിൽ ധീരജവാൻമാർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സൈനിക ശക്തിയും പ്രകടമായ റിപ്പബ്ലിക് ദിന പരേഡ് തുടർന്ന് നടന്നു. കര- വ്യോമ- നാവികസേനകളുടെ പ്രകടനത്തിനൊപ്പം വിവിധ സംസ്ഥാനങ്ങളുടെയടക്കം 31 നിശ്ചലദൃശ്യങ്ങൾ പരേഡിൽ അണിനിരന്നു. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിലും വിപുലമായ റിപ്പബ്ലിക് ദിനാഘോഷ പരിപാടികൾ നടന്നു.

RNU TVPM

***************************************

## റിപ്പബ്ലിക് ദിനം- സെൻട്രൽ സ്റ്റേഡിയം

76-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചുള്ള സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ ദേശീയ പതാക ഉയർത്തി. ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനും പങ്കെടുത്തു. വിവിധ സേനാ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്ന പരേഡിൽ ഗവർണർ അഭിവാദ്യം സ്വീകരിച്ചു. എല്ലാ വ്യത്യാസങ്ങൾക്കിടയിലും ഏവരും ഒരുമിച്ച് പ്രവർത്തിക്കുകയും മുന്നേറുകയും ചെയ്യണമെന്ന് ഗവർണർ പറഞ്ഞു. വികസിത കേരളം ഇല്ലാതെ ഒരു വികസിത ഇന്ത്യ സാധ്യമല്ല എന്നും സംസ്ഥാനം അഭിവൃദ്ധി

പ്രാപിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ടെന്നും ശ്രീ ആർലേക്കർ വ്യക്തമാക്കി.

*************************************

## റിപ്പബ്ലിക് ദിനം- ജില്ലകൾ 1

കണ്ണൂർ കലക്ട്രേറ്റ് മൈതാനിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ദേശീയ പതാക ഉയർത്തി, പരേഡിൽ അഭിവാദ്യം സ്വീകരിച്ചു. ഏതു പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് രാജ്യത്തിനുണ്ടെന്നും, ഭാരതം നേടുന്ന വളർച്ചക്കൊപ്പം എല്ലാ രംഗങ്ങളിലും കേരളവും ലോകശ്രദ്ധ നേടി മുന്നേറുകയാണെന്ന് ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പത്തനംതിട്ട കതോലിക്കറ്റ് കോളജ് ഗ്രൗണ്ടിൽ നടന്ന റിപബ്ലിക് ദിനാഘോഷത്തിൽ മന്ത്രി ജെ ചിഞ്ചുറാണി അഭിവാദ്യം സ്വീകരിച്ചു.

RNU TVPM

*************************************

## റിപ്പബ്ലിക് ദിനം- ജില്ലകൾ 2

ഇന്ത്യൻ ഭരണഘടനയുടെ അന്തസത്ത കാത്തുസൂക്ഷിക്കാൻ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കോഴിക്കോട് വെസ്റ്റ്ഹിൽ വിക്രം മൈതാനിയിൽ ത്രിവർണ പതാക ഉയർത്തിയശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പാലക്കാട് കോട്ടമൈതാനത്ത് നടന്ന റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ മന്ത്രി കെ കൃഷ്ണൻകുട്ടി പരേഡ് പരിശോധിച്ചു. കാസർകോട് റിപ്പബ്ലിക് ദിന പരേഡിൽ മന്ത്രി കെ. ബി ഗണേഷ് കുമാർ അഭിവാദ്യം സ്വീകരിച്ചു. മലപ്പുറം എം എസ് പി മൈതാനത്ത് നടന്ന പരേഡിൽ മന്ത്രി വി അബ്ദുറഹിമാൻ ഗാർഡ് ഓഫ് ഓണർ പരിശോധിച്ചു.

പത്മശ്രീ പുരസ്കാര ജേതാവായ ഐ എം വിജയനെ പരിപാടിയിൽ മന്ത്രി അഭിനന്ദിച്ചു.

*************************************

## റിപ്പബ്ലിക് ദിനം- ജില്ലകൾ 3 - ഇൻട്രോ

രാജ്യത്തിൻറെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പോരാളികളുടെ ചിന്തകളെ പ്രവൃത്തികളിലൂടെ സാധൂകരിക്കാൻ കഴിയണമെന്ന്, ആലപ്പുഴയിൽ റിപ്പബ്ലിക് ദിന ചടങ്ങിൽ മന്ത്രി പി പ്രസാദ് പറഞ്ഞു. ഭരണഘടനാ മൂല്യങ്ങളെ വെല്ലുവിളിക്കുന്ന നീക്കങ്ങളെ ശക്തമായി എതിർക്കണമെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്നു മന്ത്രി. നാടിൻറെ വികസനത്തിനൊപ്പം ജനങ്ങളുടെ ക്ഷേമത്തിനും നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നതായി കൊല്ലത്ത് റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും റിപ്പബ്ലിക് ദിനം വിപുലമായി ആഘോഷിച്ചു. കവരത്തിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് സന്ദീപ് കുമാർ ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

*************************************

## റിപ്പബ്ലിക് ദിനം- സ്ഥാപനങ്ങൾ

കേരള നിയമസഭാങ്കണത്തിൽ സ്പീക്കർ എ.എൻ.ഷംസീർ ദേശീയ പതാക ഉയർത്തുകയും മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ബി.ആർ. അംബേദ്കർ, കെ.ആർ നാരായണൻ എന്നിവരുടെ പ്രതിമകളിൽ പുഷ്പാർച്ചന

RNU/TVPM

നടത്തുകയും ചെയ്തു. കൊച്ചി ദക്ഷിണ മേഖല നാവിക കമാൻഡ് ആസ്ഥാനത്ത് നടന്ന റിപ്പബ്ലിക് ദിന ചടങ്ങിൽ ഫ്ലാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ്, വൈസ് അഡ്മിറൽ വി ശ്രീനിവാസ്, ഐ എൻ എസ് വെണ്ടുരുത്തിയിലെ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു. സംസ്ഥാന പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ നടന്ന ചടങ്ങിൽ എ.ഡി.ജി.പി എസ്. ശ്രീജിത്ത് ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകൾ, ഡിവിഷൻ ഓഫീസുകൾ, സൈനിക-അർദ്ധ സൈനിക കേന്ദ്രങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും വിപുലമായ റിപ്പബ്ലിക് ദിനാഘോഷപരിപാടികൾ നടന്നു.

RNU TVPM

*************************************

വയനാട് - ഇൻട്രോ

വയനാട് പഞ്ചാരക്കൊല്ലിയിൽ നരഭോജിയായ കടുവയെ വെടിവെച്ചു കൊല്ലുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. രാവിലെ കൽപ്പറ്റയിൽ ഉന്നത തലയോഗവും ചേർന്നിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്**

(വോയ്സ്)

*************************************

## കെ.എം.ചെറിയാൻ - പ്രധാനമന്ത്രി

പ്രശസ്ത ഹൃദ്രോഗ വിദഗ്ധൻ ഡോ. കെ.എം.ചെറിയാൻറെ വേർപാടിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി. ഹൃദ്രോഗ ചികിത്സയ്ക്കുള്ള അദ്ദേഹത്തിൻറെ സംഭാവന, എന്നെന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. സാങ്കേതികവിദ്യയിലും പുതുമയിലും കെ.എം.ചെറിയാൻ നൽകിയ ഊന്നൽ വേറിട്ടു നിൽക്കുന്നതായിരുന്നുവെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു.

************************************

## കെ എം ചെറിയാൻ- അനുശോചനം

ഡോ. കെ എം ചെറിയാന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഹൃദയ ചികിത്സാരംഗത്ത് പുതിയ സാങ്കേതികവിദ്യകൾ കൊണ്ടുവരുന്നതിലും, ഏറ്റവും സാധാരണക്കാർക്ക് വരെ വിദഗ്ധ ചികിത്സ പ്രാപ്യമാക്കുന്നതിനും അദ്ദേഹം നിരന്തരം ഇടപെട്ടിരുന്നതായും മുഖ്യമന്ത്രി അനുസ്മരിച്ചു. ഇന്നലെ രാത്രി മണിപ്പാൽ ആശുപത്രിയിലായിരുന്നു കെ എം ചെറിയാന്റെ അന്ത്യം. ആരോഗ്യരംഗത്തെ മികച്ച സേവനങ്ങൾക്ക് 1991-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

************************************

## സംവിധായകൻ ഷാഫി

പ്രശസ്ത സംവിധായകൻ ഷാഫിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി സജി ചെറിയാൻ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ഷാഫി സിനിമകൾ സംഭാവന ചെയ്ത ഹാസ്യ കഥാപാത്രങ്ങൾ തലമുറകൾ

RAJUTVPM

കൈമാറി ഏറ്റെടുക്കപ്പെട്ടവയാണെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. മായാവി, കല്യാണരാമൻ ഉൾപ്പടെയുള്ള ഒട്ടേറെ ജനപ്രിയ സിനിമകളാണ് ഷാഫി മലയാളികൾക്ക് സമ്മാനിച്ചത്. ഖബറടക്കം വൈകിട്ട് കലൂർ മുസ്ലിം ജമാഅത്ത് പള്ളിയിൽ നടന്നു.

***************************************

കണ്ണൂർ പുഷ്പോത്സവം - ഇൻട്രോ

കണ്ണൂർ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച കണ്ണൂർ പുഷ്പോത്സവം നാളെ സമാപിക്കും. സമാപനസമ്മേളനം പോലീസ് മൈതാനിയിൽ വൈകീട്ട് ആറിന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

RNU TVPM

***************************************

ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മുഹമ്മദൻ എസ് സി, മുംബൈ സിറ്റിയെ നേരിടും. രാത്രി ഏഴ് മുപ്പതിന് മുംബൈ ഫുട്ബാൾ അരീനയിലാണ് മത്സരം.

***************************************

അണ്ടർ 19 വനിതാ ടി 20

ക്വാലാലംപൂരിൽ നടന്ന അണ്ടർ 19 വനിതാ ടി 20 ലോകകപ്പിൽ ഇന്ത്യ സെമിഫൈനലിൽ. ബംഗ്ലാദേശിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിഫൈനലിൽ കടന്നത്. ആദ്യം ബാറ്റ് ചെയ്ത

ബംഗ്ലാദേശിന് നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 64 റൺസ് മാത്രമേ എടുക്കാൻ കഴിഞ്ഞുള്ളൂ. ഇന്ത്യയ്ക്കായി വൈഷ്ണവി ശർമ്മ 3 വിക്കറ്റുകൾ വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 7.1 ഓവറിൽ ലക്ഷ്യം കണ്ടു. ചൊവ്വാഴ്ച അവസാന സൂപ്പർ സിക്സ് മത്സരത്തിൽ ഇന്ത്യ സ്കോട്ലൻഡിനെ നേരിടും.

*****************************************************

***********************************

*********************

RNU TVPM